# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4147 16.05.17 ൽ മറുപടിയ്ക്ക്

**രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസുമില്ലാത്ത സർക്കാർ വാഹനങ്ങൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|
| (എ) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസും ഇല്ലാതെ സർക്കാർ വാഹനങ്ങൾ നിരത്തിലോടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം വാഹനങ്ങളാണ് ഇത്തരത്തിലുള്ളത് എന്ന് അന്വേഷിക്കുമോ; | (ബി) | ഇപ്രകാരം സർക്കാർ വാഹനങ്ങൾ ഉള്ളതായി കരുതുന്നില്ല. |
| (സി) സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിക്കുന്നതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | (സി) | വാഹനം അനുവദിച്ച് നൽകിയിട്ടുള്ള ഓഫീസ് മേധാവികളാണ് സാധാരണയായി അവ സൂക്ഷിക്കാറുള്ളത്. |
| (ഡി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസും ഇല്ലാത്ത വാഹനങ്ങളെ കണ്ടെത്തി നിരത്തിൽ നിന്നും ഒഴിവാക്കുകയും, നിയമ ലംഘനത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്യുമോ; | (ഡി) | ഇത്തരം വാഹനങ്ങൾ കണ്ടെത്തിയാൽ നടപടി സ്വീകരിക്കാറുണ്ട്. |
| (ഇ) സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട കേസ്സുകളിൽ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ച് വാങ്ങി സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ആർക്കാണ്; നിലവിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (ഇ) | സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട കേസ്സുകളിൽ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ച് വാങ്ങി സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്കാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസും ഇല്ലാതെ സർക്കാർ വാഹനങ്ങൾ നിരത്തിലോടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ആർ. സി. ബുക്കുകൾ ഇല്ലെന്ന കാര്യം വ്യക്തമാക്കുമോ; ഇവയുടെ വിശദ വിവരം ലഭ്യമാക്കുമോ? | (എഫ്) | കെ.എസ്.ആർ.ടി.സി. യുടെ കീഴിലുള്ള 5947 ബസുകൾക്കും, കെ.യു.ആർ.ടി.സി യുടെ കീഴിലുള്ള 679 ബസുകൾക്കും ആർ.സി.ബുക്കുകൾ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**